മുതൽമുടക്കുന്നതിൽ താൽപര്യമുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുവേണ്ടി ഒരു ക്യാപ്റ്റി ജട്ടി പണിയുന്ന കാര്യം പരിഗണനയിലാണ്. ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷനുമായി ഇക്കാര്യത്തിൽ കത്തിടപാടുകൾ നടത്തിവരുന്നു. അഴീക്കൽ തുറമുഖ വികസനത്തിനായി കപ്പൽ ചാലിന്റെ ആഴം കൂട്ടുന്നതിന് കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന 70 ലക്ഷം രൂപയുടെ ഡ്രഡ്ജിംഗ് നടത്തുകയുണ്ടായി. അഴീക്കൽ തുറമുഖ വികസനത്തിനുവേണ്ടി ഐ.സി.ഐ.സി.ഐ., കിൻഫ്ര തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബർത്തുകൾ സ്ഥാപിക്കുന്നതിനും സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിനും എല്ലാവിധ നടപടികളും സ്വീകരിക്കുന്നതാണ്.

വിഴിഞ്ഞത്ത് വാണിജ്യ തുറമുഖം

157 [611] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞത്ത് ഒരു വാണിജ്യ തുറമുഖം പണിയുന്നത് സംബന്ധിച്ച പദ്ധതിയ്ക്ക് അവസാന രൂപം നൽകിയോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല. എന്നാൽ പ്രാരംഭനടപടിയായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി ചെന്നൈയിലെ എൽ.ആന്റ്.റ്റി. റാംബോൾ കൺസൾട്ടിംഗ് എഞ്ചിനീയേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏൽപിക്കുകയും അവർ റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ക്ഷണിച്ചതനുസരിച്ച് 7 കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുമുണ്ട്.

കോഴിക്കോട് തെക്കേ കടൽപാലത്തിന്റെ സുരക്ഷിതത്വം

158 [612] ശ്രീ. കെ. സി. ജോസഫ്:
" വി. ജെ. പൗലോസ്:
" എം. എ. ചന്ദ്രശേഖരൻ:
" അടൂർ പ്രകാശ്:
" ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്ടെ തെക്കേ കടൽപ്പാലം തകരുകയുണ്ടായോ;

(ബി) ഈ സംഭവത്തിൽ എത്ര പേർ മരിച്ചു;

(സി) പ്രസ്തുത പാലം സുരക്ഷിതമായിരുന്നുവോ;

(ഡി) ഇല്ലെങ്കിൽ അതിൽ ആളുകൾ കയറുന്നത് തടഞ്ഞിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാലവർഷ സമയത്ത് പലപ്പോഴും ഭാഗികമായി തകരാറുണ്ട്.

(ബി) രണ്ടുപേരെ കാണാതായി.

(സി) ഇല്ല.

(ഡി) തടഞ്ഞിരുന്നു. കടൽപ്പാലത്തിൽ പല ഭാഗങ്ങളിൽക്കൂടി പ്രവേശിക്കുവാൻ കഴിയും. കടപ്പുറത്തുനിന്നും കയറിയ ആളുകളാണ് അപകടത്തിൽപ്പെട്ടത്. കടൽപ്പാലത്തിൽ കയറരുതെന്ന് മുന്നറിയിപ്പു നൽകുന്ന പരസ്യം എഴുതിയ ബോർഡ് സ്ഥാപിച്ചിരുന്നു. കടപ്പുറത്തുനിന്നും അനധികൃത മായി കയറുന്ന ആളുകളെ തടയുന്നതിന് സംവിധാനങ്ങളില്ല.

പുതിയാപ്പ ഫിഷിംഗ് ഹാർബർ ഡ്രഡ്ജിംഗ് നടത്താൻ നടപടി

159 [613] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഫിഷിംഗ് ഹാർബറിലെ മണൽ തിട്ടയിൽ തട്ടി 2004 ജൂൺ മാസത്തിൽ എത്ര മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും തകർന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഫലമായി ആളപായം ഉണ്ടായോ; ബോട്ടുകളും വള്ളങ്ങളും തകർന്നതുമൂലം എന്തു നഷ്ടം വന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷത്തിൽ പുതിയാപ്പ ഫിഷിംഗ് ഹാർബറിൽ ഡ്രഡ്ജിംഗ് നടത്തുകയുണ്ടായോ; എങ്കിൽ ഇതിനായി എത്ര സംഖ്യ ചെലവഴിച്ചു;

(ഡി) പുതിയാപ്പ ഫിഷിംഗ് ഹാർബറിലെ വാർഫിലേക്ക് ബോട്ടുകൾ പ്രവേശിക്കുന്ന കവാടത്തിൽ എത്ര മീറ്റർ ആഴം ഉണ്ടായിരിക്കണമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ഇ) ഇപ്പോൾ എത്ര മീറ്റർ ആഴം ഉണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഡ്രഡ്ജിംഗ് നടത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം ഡിപ്പാർട്ടു മെന്റിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു തീരുമാനം കൈക്കൊണ്ടുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) രണ്ട് ഇൻബോർഡ് വള്ളങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഉണ്ടായി. മൂന്നു മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടു. ബോട്ടുകളും വള്ളങ്ങളും തകർന്നതുമൂലം 15 ലക്ഷത്തോളം രൂപ നഷ്ടം വന്നതായി കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly